**GOVERNMENT OF KERALA**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സ്കൂൾ പഠനയാത്ര മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**ജി ഒ(എം.എസ്)നം.51/07/പൊവിവ** **തീയതി, തിരുവനന്തപുരം, 2/3/2007.**

---

പരാമർശം: 26.2.07-ലെ വി2/14749/07 നമ്പരിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

അടുത്തകാലത്തായി സ്കൂൾ പഠനയാത്രയുമായി ബന്ധപ്പെട്ട് പലപ്പോഴും അപകടങ്ങൾ ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഠനയാത്രയ്ക്കായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠനയാത്രയെ സംബന്ധിച്ച് താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു:

1. പഠനയാത്രയ്ക്കായി തെരഞ്ഞെടുക്കുന്ന സ്ഥലം, യാത്രാപരിപാടികൾ, താമസം എന്നിവ സ്കൂൾ അഡ്വൈസറി പി.ടി.എ എക്സിക്യൂട്ടീവിൽ മുൻകൂട്ടി ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്.
2. വിനോദയാത്രാ സംഘം സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സവിശേഷതകൾ, സുരക്ഷാ സംവിധാനം എന്നിവയെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതിനായി ആ പ്രദേശത്തെ ബന്ധപ്പെട്ട അധികാരികളിൽനിന്ന് ആവശ്യമെങ്കിൽ മുൻകൂർ അനുമതി രേഖാമൂലം വാങ്ങിയിരിക്കേണ്ടതാണ്.
3. പഠനയാത്രയ്ക്കുള്ള പരിപാടി തയ്യാറാക്കുമ്പോൾ വിദ്യാഭ്യാസപരമായ പ്രസക്തിയും ഉദ്ദേശവും പരിഗണിച്ചുകൊണ്ട് യാത്രയ്ക്കുള്ള സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ തെരഞ്ഞെടുക്കേണ്ടതാണ്.

4. പഠനയാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളിൽ നിന്നും സമ്മതപത്രം കാലേക്കൂട്ടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

5. പഠനയാത്രയ്ക്ക് പുറപ്പെടുന്ന വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് മുൻകൂട്ടി ഉറപ്പാക്കിയിരിക്കേണ്ടതാണ്.

6. പ്രഥമാദ്ധ്യാപകനോ, സീനിയർ അസിസ്റ്റന്റോ യാത്രാ സംഘത്തെ അനുഗമിക്കേണ്ടതാണ്.

7. പഠനയാത്രാസംഘത്തിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:15 എന്ന് നിഷ്കർഷിക്കേണ്ടതാണ്. വിദ്യാർത്ഥിനികളുണ്ടെങ്കിൽ 15 പേർക്ക് ഒരാൾവീതം അദ്ധ്യാപികമാരുണ്ടാവണം. കൂടാതെ അദ്ധ്യാപകരുള്ള സ്കൂളുകളിൽ അവരും സംഘത്തിലുണ്ടാവണം. രക്ഷിതാക്കളുടെ പ്രതിനിധികൾക്കും യാത്രയിൽ പങ്കെടുക്കാവുന്നതാണ്. അദ്ധ്യാപകരോ രക്ഷിതാക്കളോ അല്ലാത്തവർ കുട്ടികളോടൊപ്പം യാത്രാസംഘത്തിൽ ഉണ്ടായിരിക്കാൻ പാടില്ല.

8. തികച്ചും സുരക്ഷിതമായിട്ടുള്ള വാഹനം മാത്രമേ യാത്രയ്ക്കായി തെരഞ്ഞെടുക്കാവൂ. അതുപോലെ വാഹനത്തിന്റെ അമിത വേഗത നിയന്ത്രിക്കേണ്ടതും ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ബസ്, ബോട്ട്, മറ്റ് വാഹനങ്ങൾ എന്നിവയിൽ നിയമപ്രകാരം അനുവദിച്ച എണ്ണം ആളുകളെ മാത്രമേ കയറ്റുന്നുള്ളൂവെന്ന് ഉറപ്പാക്കേണ്ടത് സംഘം തലവന്റെ ചുമതലയും ബാധ്യതയുമാണ്.

9. ജലയാത്രകൾ, വനത്തിലൂടെയുള്ള യാത്രകൾ, വന്യമൃഗസങ്കേതങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് സന്ദർശനം നടത്തുമ്പോൾ ബന്ധപ്പെട്ട അധികാരികളെ മുൻകൂട്ടി അറിയിച്ച് സുരക്ഷാക്രമീകരണങ്ങൾ ഉറപ്പാക്കുകയും, അവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചാണ് സന്ദർശനം നടത്തുന്നത് എന്ന് ഉറപ്പാക്കുകയും വേണം. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ അംഗീകൃത ഗൈഡുകളുടെ സേവനം ഉപയോഗിക്കേണ്ടതാണ്.

10. പാർക്കുകൾ, മ്യൂസിയം. അണക്കെട്ടു പ്രദേശങ്ങൾ എന്നിവ സന്ദർശിക്കുമ്പോൾ വൈദ്യുത സംവിധാനം ഉപയോഗിച്ചുള്ള റോപ്പ് വേ, അമ്യൂസ്മെന്റ് ഉപകരണങ്ങൾ/സംവിധാനങ്ങൾ എന്നിവ കഴിവതും ഒഴിവാക്കേണ്ടതാണ്.

11. യാത്രാ സംഘത്തിന്റെ താമസം, ഓരോ ദിവസവും സന്ദർശിക്കുന്ന സ്ഥലം, ഓരോ ദിവസവും താമസസ്ഥലത്തു നിന്നും പുറപ്പെടുന്നതും തിരിച്ചെത്തുന്നതുമായ സമയം എന്നിവ യാത്രാസമയത്ത് വിനോദയാത്രാ സംഘത്തിന്റെ തലവൻ സൂക്ഷിക്കേണ്ടതും പകർപ്പ് സ്കൂളുകളിലും ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് മുൻകൂർ സമർപ്പിച്ചിരിക്കേണ്ടതുമാണ്.

12. വിനോദയാത്രയിൽ സുരക്ഷിതവും നിലവാരമുള്ളതുമായ താമസസൗകര്യം ക്രമീകരിക്കുന്നതിനും ശുചിത്വവും ആരോഗ്യകരവുമായ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

13. രാത്രി 9 മണിക്ക് ശേഷമുള്ള യാത്രയും രാവിലെ 6 മണിക്ക് മുമ്പുള്ള യാത്രയും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

14. ആധുനിക വാർത്താവിനിമയ സംവിധാനങ്ങൾ (മൊബൈൽ ഫോൺ പോലുള്ളവ) കരുതിവേണം യാത്ര പുറപ്പെടേണ്ടത്.

15. യാത്രാവസാനം വിദ്യാർത്ഥികൾ രക്ഷാകർത്താക്കളുടെ സമീപം സുരക്ഷിതരായി എത്തിച്ചേർന്നുവെന്നുറപ്പാക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതുമാണ്.

16. പഠനയാത്രയ്ക്കുള്ള ലക്ഷ്യങ്ങൾ പലപ്പോഴും വളരെ അകലെയുള്ള സ്ഥലങ്ങളാണ് തെരഞ്ഞെടുക്കാറുള്ളത്. ആയതു കൊണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഇതിൽ പങ്കാളിയാവാൻ പലപ്പോഴും സാധിക്കാറില്ല. അതിനാൽ ഇത്തരം കുട്ടികൾക്ക് കൂടി സാമ്പത്തികമായി താങ്ങാവുന്ന സ്ഥലങ്ങൾ മാത്രമേ ഇതിനായി തെരഞ്ഞെടുക്കുന്നുള്ളൂ എന്ന് ഉറപ്പാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

റ്റി.കെ.മോഹൻദാസ്,
ഡെപ്യൂട്ടി സെക്രട്ടറി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ഉപരിപത്രം സഹിതം)

പകർപ്പ്: ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.

വിദ്യാഭ്യാസവകുപ്പു മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

എ൦4/1037/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യലയം തിരുവനന്തപുരം
തീയതി : 27/12/2013

## സർക്കുലർ

വിഷയം : സ്കൂളുകളിൽ പഠന യാത്രകൾ നടത്തുന്നത് സംബന്ധിച്ച്

സൂചന :

സ്കൂളുകൾ പഠന യാത്രകൾ സംഘടിപ്പിക്കുന്നതിന് താഴെപറയുന്ന മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പഠനയാത്രകൾ കുട്ടികളുടെ പഠനവുമായി ബന്ധപ്പെടുത്തി മാത്രം നടത്തേണ്ടതാണ്.
2. കുട്ടികൾ പഠിക്കുന്ന ശാസ്ത്രം, ചരിത്രം, സാഹിത്യം എന്നീ മേഖലകളിൽ ഉൾക്കാഴ്ചയുണ്ടാകുന്നതാകണം.
3. പഠന യാത്ര പോകുന്നതിനു മുൻപ് പോകുന്ന സ്ഥലം, സന്ദർശിക്കുന്ന സ്ഥാപനങ്ങൾ, ദിവസം എന്നിവയെക്കുറിച്ച് പ്രധാനഅദ്ധ്യാപകന് അറിവുണ്ടായിരിക്കണം.
4. സ്ഥാപനങ്ങളും സ്ഥലങ്ങളും മറ്റും സന്ദർശിക്കുന്നതിന് മുൻപായി കുട്ടികൾക്ക് അവയെക്കുറിച്ചുള്ള അറിവ് നൽകണം.
5. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു അവർക്ക് പ്രത്യേക ചുമതലകൾ നൽകണം. ഉദ: 1. യാത്രാവിവരണം തയ്യാറാക്കുന്ന ജോലി ,
   2..കവിത,കഥ, ചിത്രരചന എന്നിവ തയ്യാറാക്കൽ
   3. യാത്രയുടെ സാമ്പത്തിക വിശകലനം
   4. ക്രിയാത്മകമായ യാത്രയുടെ കുറിപ്പ് തയ്യാറാക്കൽ
   5. പാഠപുസ്തകങ്ങളിലെ അറിവുമായി കൂട്ടിയോജിപ്പിക്കൽ
6. യാത്ര പോകുന്നതിന് മുമ്പ് തന്നെ താമസം, ഭക്ഷണം സന്ദർശന സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ നേരത്തെ ബുക്ക് ചെയ്തിരിക്കണം.
6. 20 കുട്ടികൾക്ക് ഒരു അദ്ധ്യാപകൻ എന്ന നിലയിൽ മേൽ നോട്ടം ആവശ്യമാണ്. പെൺകുട്ടികൾ പ്രത്യേക വനിത അദ്ധ്യാപകർ ഉണ്ടായിരിക്കണം. പെൺകുട്ടികൾ പ്രത്യേക വനിത അദ്ധ്യാപകർ ഉണ്ടായിരിക്കണം
7. രക്ഷ കർത്താക്കളുടെ സമ്മതപത്രം വാങ്ങണം.അവരുടെ മൊബൈൽ നമ്പരുകൾ വാങ്ങുകയും ചെയ്യണം

8. അപകടകരമായ ഇടങ്ങളിൽ കുട്ടികളെ പഠന യാത്രയ്ക്ക് കൊണ്ടുപോകരുത്

9. പഠനയാത്രയ്ക്കിടയിൽ first Aid അത്യാവശ്യമരുന്നുകൾ എന്നിവ കരുതിയിരിക്കണം

10. പഠനയാത്രയുടെ മുഴുവൻ കണക്കുകളും യാത്രചെയ്ത കുട്ടികളെയും അദ്ധ്യാപകരെയും വിളിച്ച് ചേർത്ത് അവതരിപ്പിക്കുകയും സമ്മതം വാങ്ങുകയും ചെയ്യണം.

11. കുട്ടികളുടെ .യാത്രാകുറിപ്പുകൾ, ചിത്രരചനകൾ, കഥാ കവിത സാമ്പത്തിക വിശകലനം, വിമർശന കുറിപ്പുകൾ സ്കൂൾ മാഗസീനിൽ പ്രസിദ്ധീകരിക്കണം.

12. പഠന യാത്രകൾ അവധി ദിവസങ്ങളിൽ മാത്രം നടത്തേണ്ടതാണ്

13. പഠനയാത്രയ്ക്കു പോകുന്ന കുട്ടികൾ 1-2% വരെയാണ് ഈ കുട്ടികൾക്ക് വേണ്ടി റഗുലർ ക്ലസ്സുകൾ നഷ്ടപ്പെടുത്തുന്ന രീതി അനുവദിക്കുന്നതല്ല.

14. യാത്രാവേളകളിൽ അദ്ധ്യാപകർ പുകവലിക്കുന്നതും മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത്. ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമായിക്കണ്ട് ശിക്ഷണ നടപടികൾക്ക് വിധേയമാക്കാവുന്നതാണ്.

15. കുട്ടികളും ഇത്തരം ലഹരി പദാർത്ഥങ്ങൾഉപയോഗിക്കാനുള്ള അവസരം ഇല്ലാതാക്കേണ്ടതാണ്. ഉപയോഗിച്ചാൽ ഗുരുതരമായ അച്ചടക്ക ലംഘനത്തിന് വിധേയമാക്കുന്നതായിരിക്കും.

For (signature)

പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ
JAYADEVI.C.
Deputy Director (Employment)
Directorate of Public Instruction
Thiruvananthapuram-14

<u>സ്വീകർത്താവ്</u>

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും(ആവശ്യമായ നടപടികൾക്ക്)